**13-ാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 592** **11.06.2013-ൽ മറുപടിയ്ക്ക്**

# പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>" എം. പി. വിൻസെന്റ്<br>" ലൂഡി ലൂയിസ്<br>" എ. റ്റി. ജോർജ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്: വിശദാംശങ്ങൾ അറിയിക്കുമോ; | (എ) & (ബി) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ സാങ്കേതികമായി മെച്ചപ്പെടുത്തുന്നതിനും, അതാത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള പ്രൊഫഷണൽസിനെ നിയമിച്ചും, ബാങ്കുകളിൽ നിന്നും പ്രവർത്തന മൂലധനം ലഭ്യമാക്കിയും, ആവശ്യമെങ്കിൽ സർക്കാർ ഗ്യാരന്റി നൽകിയും, ഓരോ സെക്ടറിനും പ്രത്യേകം പദ്ധതികൾ തയ്യാറാക്കിയും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) & (ഡി) കമ്പനികളുടെ പ്രവർത്തനമേഖലയുടെ ഭാവിയും, സാമ്പത്തികസ്ഥിതിയും, സർക്കാരിന്റെ പൊതുമേഖലയ്ക്ക് വേണ്ടിയുള്ള ധനപരിമിതിയുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് പദ്ധതികൾ സർക്കാർ പരിശോധിച്ചു വരുന്നു. |

| | | |
|---|---|---|
| | | നിശ്ചിത പരിധിക്കു (Breakeven Turnover + 10%) മുകളിലുള്ള വിറ്റുവരവിന്മേലുള്ള ലാഭത്തിനാനുപാതികമായി തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യം (incentive) നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ? | സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 80.00 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഓരോ സ്ഥാപനങ്ങളുടെയും പദ്ധതികൾക്കനുസരിച്ച് ഇതിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാര്യക്ഷമത വർദ്ധിപ്പിച്ച് ലാഭകരമാക്കുവാൻ ശ്രമം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനമൂലധനവും നവീകരണത്തിനുള്ള സഹായവും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ മാർജിൻ മണി സർക്കാർ നൽകുന്നതാണ്. ഇതിനായി 15 കോടി രൂപ 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. |

Manu

**സെക്ഷൻ ഓഫീസർ**